**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഘട്ടം-2 പ്രകാരം കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിൽ നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഘട്ടം-2ൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിൽ 2024 മെയ് മാസത്തിൽ ആരംഭിച്ച പുനരുദ്ധാരണ പ്രവൃത്തിയിലൂടെ ഗാലറിയിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നിലവിൽ ചെയ്തിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | നിലവിലെ എഗ്രിമെന്റ് പ്രകാരം 12.04.2025-നാണ് പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി. ടി കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (സി) | ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം വിവിധ ഘട്ടങ്ങളിലായി കാഞ്ഞിരപ്പുഴ ഡാമിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ ഒരുമിച്ച് ചേർത്ത് ഒറ്റ പ്രോജക്ട് ആക്കുന്നതിനും അത് വഴി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ നടന്നു വരുന്ന പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള പാലം, വാച്ച് ടവർ എന്നിവയുടെ നിർമാണത്തിന്റെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ പാലം, വാച്ച് ടവർ എന്നിവയുടെ ഡിസൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ അടുത്ത ഘട്ടം ആസൂത്രണം ചെയ്യാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ